# ജില്ലയിൽ തെരുവുനായ്ക്കളെ പിടിക്കാൻ കൂടുതൽ കുടുംബശ്രീ അംഗങ്ങൾ

സ്വന്തം ലേഖിക

**തിരുവനന്തപുരം:** ജില്ലയിൽ തെരുവുനായ നിയന്ത്രണ പ്രവർത്തനങ്ങൾ കുടുംബശ്രീ വിപുലമാക്കുന്നു. ജൂൺ അവസാനത്തോടെ കൂടുതൽ കുടുംബശ്രീ അംഗങ്ങൾ തെരുവുനായ്ക്കളെ പിടിക്കാൻ നിരത്തിലിറങ്ങും. ജില്ലയിലെ അനിമൽ ബർത്ത് കൺട്രോൾ പദ്ധതിയിൽ കുടുംബശ്രീ അംഗങ്ങളുടെ പ്രവർത്തനം ഉപയോഗപ്രദമായതിനെ തുടർന്നാണ് കൂടുതൽപേർക്ക് പരിശീലനം നൽകുന്നത്.

തെരുവുനായശല്യം രൂക്ഷമായ കരിങ്കുളം പഞ്ചായത്തിലാണ് ഇപ്പോൾ കുടുംബശ്രീ പ്രവർത്തകരുടെ പ്രവർത്തനം. 500 നായ്ക്കളെ വന്ധ്യംകരിക്കണമെന്നാണ് ജില്ലാമിഷന്റെ ലക്ഷ്യം. ഇക്കഴിഞ്ഞ ബുധനാഴ്ചവരെ 82 നായ്ക്കളെ പിടിച്ചിട്ടുണ്ട്. ഇവയിൽ 42 നായ്ക്കളെ വന്ധ്യംകരണത്തിനുശേഷം പിടിച്ച സ്ഥലത്തുതന്നെ തിരികെയെത്തിച്ചിട്ടുമുണ്ട്.

വെറ്ററിനറി ഡോക്ടർമാർ, പട്ടിപിടുത്തക്കാർ എന്നിവരുടെ നേതൃത്വത്തിൽ രണ്ടുദിവസത്തെ ക്ലാസും ഒരുദിവസത്തെ പരിശീലനവുമാണ് കുടുംബശ്രീ അംഗങ്ങൾക്ക് നൽകുന്നത്. വലയും കാച്ച് പോളും ഉപയോഗിച്ച് തെരുവുനായ്ക്കളെ പിടിക്കുന്നതിലാണ് പരിശീലനം.

രാവിലെ 6 മുതൽ 11 വരെയും വൈകിട്ട് നാലു മുതൽ എട്ടു വരെയുമാണ് തെരുവുനായ്ക്കളെ പിടിക്കാൻ അംഗങ്ങൾ രംഗത്തിറങ്ങുന്നത്. ഇപ്പോൾ 38 അംഗങ്ങൾക്കാണ് തെരുവു നായ്ക്കളെ പിടിക്കുന്നതിനായി പരിശീലനം നൽകിയിരിക്കുന്നത്. 5 പേരുള്ള 6 യൂണിറ്റുകളാണ് ഇപ്പോൾ ജില്ലയിൽ പ്രവർത്തിക്കുന്നത്.

ഒരു നായ് പിടിത്ത യൂണിറ്റ് പ്രവർത്തനം തുടങ്ങുന്നതിനായി 5000 രൂപയാണ് കുടുംബശ്രീ നൽകുന്നത്. ഒരു നായയെ പിടിക്കുന്നതിന് 2100 രൂപയാണ് വേതനം. കൂടാതെ യൂണിറ്റുകളുടെ മികച്ച പ്രവർത്തനത്തിനായി എട്ടു വനിതാ വെറ്ററിനറി ഡോക്ടർമാരെ എംപാനലായി നിയമിക്കുകയും ചെയ്തിട്ടുണ്ടെന്ന് കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ. കെ.ആർ.സൈജു പറഞ്ഞു.

നഗരസഭയ്ക്ക് കീഴിൽ രണ്ടും മുനിസിപ്പാലിറ്റിയുടെയും ബ്ലോക്കുകളുടെയും കീഴിൽ ഓരോ യൂണിറ്റും തെരുവുനായ്ക്കളെ പിടിക്കുന്നതിനായി ഉടനെത്തും. 50 സ്ത്രീകളടങ്ങിയ സംഘത്തെയാണ് ജില്ലയിൽ അടുത്തതായി രൂപവത്കരിക്കുന്നത്. നായയെ പിടിച്ച് എ.ബി.സി. സെന്ററിൽ എത്തിക്കുന്നതോടൊപ്പം ശസ്ത്രക്രിയയ്ക്ക് കുടുംബശ്രീ അംഗങ്ങൾ സഹായിക്കുന്നുമുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ നായകളെ നിശ്ചിതദിവസത്തിനുശേഷം പിടിച്ച സ്ഥലത്തുതന്നെ തിരിച്ചെത്തിക്കുന്നതും ഇവരുടെ ചുമതലയാണ്. സംസ്ഥാനത്ത് 306 കുടുംബശ്രീ അംഗങ്ങളാണ് തെരുവുനായയെ പിടിക്കുന്നതിനായി 58 യൂണിറ്റുകളിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്.

മാതൃഭൂമി
Fri, 09 June 2017
digitalpaper.mathrubhumi.com/c/19676799